ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13.05.2025 TIME : 07.25 PM

## പ്രധാനവാർത്തകൾ

1) ഇന്ത്യ സമാധാനമാണ് ആഗ്രഹിക്കുന്നതെന്നും മനുഷ്യത്വം ആക്രമിക്കപ്പെടുന്ന ഘട്ടങ്ങളിൽ ശക്തമായി പ്രതിരോധിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പഞ്ചാബിലെ ആദംപൂർ വ്യോമത്താവളത്തിൽ പ്രധാനമന്ത്രി സേനാംഗങ്ങളെ അഭിസംബോധന ചെയ്തു.

India Desires Peace but Will Strongly Resist Attacks on Humanity, says PM Narendra Modi; PM Modi Addresses Troops at Adampur Airbase in Punjab.

2) ജമ്മു കശ്മീരുമായി ബന്ധപ്പെട്ട ഏതു വിഷയത്തിലും ഇന്ത്യയ്ക്ക് വ്യക്തമായ ദേശീയ നയമുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം.

India Maintains a Clear National Policy on All Jammu and Kashmir Issues, Asserts MEA.

3) ജമ്മു കശ്മീരിലെ ഷോപ്പിയാനിൽ സുരക്ഷ സേനയും ഭീകരരുമായി ഏറ്റുമുട്ടൽ; മൂന്ന് ഭീകരരെ സൈന്യം വധിച്ചു.

Security Forces Eliminate Three Terrorists in Shopian Encounter.

4) മനുഷ്യ - വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച് കേരള സർക്കാർ.

Kerala Govt Issues Order Declaring Human-Wildlife Conflict as a Distinct Disaster.

5) സിബിഎസ്ഇ 10,12, ക്ലാസ് പരീക്ഷ ഫലം പ്രഖ്യാപിച്ചു; വിജയികളായ വിദ്യാർത്ഥികളെ അഭിനന്ദിച്ച് പ്രധാനമന്ത്രി.

CBSE Announces Class 10 and 12 Exam Results; PM Modi Extends Congratulations

6) ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മുന്നേറ്റം തുടർന്ന് മഹാരാഷ്ട്ര.

Maharashtra Extends Dominance at Khelo India Youth Games

✡✡✡✡✡✡✡✡✡✡✡✡✡✡

## REV. PM-ADAMPUR (INTRO)

ഓപ്പറേഷൻ സിന്ദൂർ ദൗത്യത്തിലൂടെ രാഷ്ട്രത്തെ സംരക്ഷിക്കുന്നതിൽ സായുധ സേന കാണിച്ച ധീരതയെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓപ്പറേഷൻ സിന്ദൂറിലൂടെ സായുധ സേന രാജ്യത്തിന്റെ അഭിമാനം വാനോളം ഉയർത്തിയതായി പ്രധാനമന്ത്രി പറഞ്ഞു. പഞ്ചാബിലെ ആദംപൂർ വ്യോമത്താവളത്തിൽ സേനാംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്....)
പാകിസ്ഥാനിലെ ഒൻപത് ഭീകര ക്യാമ്പുകൾ നശിപ്പിക്കാനും നൂറിലധികം ഭീകരരെ വധിക്കാനും ഇന്ത്യക്ക് കഴിഞ്ഞതായി പ്രധാനമന്ത്രി വ്യക്തമാക്കി. സർവ്വനാശവും സമ്പൂർണ്ണ ഉന്മൂലനവുമാണ് നിരപരാധികളുടെ രക്തം ചിന്തുന്നതിന്റെ പരിണിതഫലമെന്ന് ഭീകരതയെ പിന്തുണയ്ക്കുന്നവർ തിരിച്ചറിഞ്ഞതായി ശ്രീ മോദി പറഞ്ഞു. ഇന്ത്യ സമാധാനമാണ് ആഗ്രഹിക്കുന്നതെന്നും എന്നാൽ മനുഷ്യത്വം ആക്രമിക്കപ്പെടുന്ന ഘട്ടങ്ങളിൽ ശക്തമായി പ്രതിരോധിക്കുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.
(വോയിസ്.....)
ഇന്ന് രാവിലെ ആദംപൂർ വ്യോമത്താവളത്തിൽ എത്തിയ പ്രധാനമന്ത്രി സേനാംഗങ്ങളോടൊപ്പമുള്ള ചിത്രങ്ങൾ സമൂഹമാധ്യമത്തിൽ പങ്കുവെച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## DEFENCE MINISTER MEET

രാജ്യത്തെ സുരക്ഷാ സ്ഥിതികൾ വിലയിരുത്താൻ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. സംയുക്ത സേന മേധാവി, പ്രതിരോധ സെക്രട്ടറി, കര - നാവിക സേനകളുടെ മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

✡✡✡✡✡✡✡✡✡✡✡✡✡✡

## OPS SINDOOR-FOREIGN ATTACHE

ഓപ്പറേഷൻ സിന്ദൂറിൻറെ പ്രവർത്തനങ്ങൾ ഇന്ത്യ, 70 രാജ്യങ്ങളിലെ വിദേശ സേവന വിഭാഗം പ്രത്യേക പ്രതിനിധികളോട് വിശദീകരിച്ചു. ഭീകര

കേന്ദ്രങ്ങൾ കൃത്യമായി കണ്ടെത്തിയ ആസൂത്രണ പ്രക്രിയ പ്രതിരോധ രഹസ്യാന്വേഷണ വിഭാഗം ഡയറക്ടർ ജനറൽ, ലെഫ്റ്റനൻറ് ജനറൽ DS റാണ പ്രതിനിധികളുമായി പങ്കുവച്ചു. പാകിസ്ഥാൻ തുടർച്ചയായി നടത്തിയ ഇന്ത്യാ വിരുദ്ധ പ്രചാരണങ്ങളുടെ വസ്തുതകളും അദ്ദേഹം വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡

## MEA-BRIEFING (INTRO)

ജമ്മു കശ്മീരുമായി ബന്ധപ്പെട്ട ഏതു വിഷയത്തിലും ഇന്ത്യയ്ക്ക് ദീർഘകാലമായി വ്യക്തമായ ദേശീയ നിലപാടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം. ഇന്ത്യയും പാകിസ്ഥാനും ചേർന്ന് പരിഹരിക്കേണ്ടതാണ് ഈ വിഷയങ്ങളെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തിന്റെ നയത്തിൽ മാറ്റമില്ലെന്നും പാകിസ്ഥാൻ നിയമവിരുദ്ധമായി കൈവശപ്പെടുത്തിയിരിക്കുന്ന ഇന്ത്യയുടെ പ്രദേശങ്ങൾ വിട്ടുകിട്ടുന്നത് മാത്രമാണ് നിലവിൽ പരിഹാരമെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്.....)

ജമ്മുകശ്മീർ വിഷയത്തിൽ മൂന്നാം കക്ഷി ഇടപെടൽ അനുവദിക്കില്ലെന്നും ഉഭയകക്ഷി ചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന നിലപാടിൽ മാറ്റമില്ലെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## FLIGHTS-CANCELLED

യാത്രക്കാരുടെ സുരക്ഷ കണക്കിലെടുത്ത് ജമ്മു, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡിഗഢ്, രാജ്കോട്ട് വിമാനത്താവള ങ്ങളിലേക്കുള്ള എല്ലാ വിമാന സർവ്വീസുകളും എയർ ഇന്ത്യ റദ്ദാക്കി. സർവ്വീസുകളുടെ പുതിയ സമയക്രമത്തെ കുറിച്ചുള്ള വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. അതെസമയം, ഡൽഹി വിമാന ത്താവളത്തിൻറെ പ്രവർത്തനങ്ങൾ സാധാരണ നിലയിലായി. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ചില വിമാന സർവീസുകൾ വൈകുന്നുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡

## J K-GUNFIGHT

ജമ്മു കശ്മീരിലെ ഷോപ്പിയാൻ ജില്ലയിലെ ഷുക്രൂ കെല്ലർ വനമേഖലയിൽ സുരക്ഷ സേനയും ഭീകരരുമായി ഉണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് ഭീകരരെ വധിച്ചു. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ കരസേനയും, പോലീസും, സി ആർ പി എഫും നടത്തിയ സംയുക്ത തിരച്ചിലിനിടെയാണ് വെടിവെയ്പ്പുണ്ടായതത്.

✪✪✪✪✪✪✪✪✪✪✪✪✪✪

## DEFENCE BUDGET

നടപ്പ് സാമ്പത്തിക വർഷം രാജ്യത്തിൻറെ പ്രതിരോധ ബജറ്റ് 6.81 ലക്ഷം കോടി രൂപയായി വർധിപ്പിച്ചെന്ന് കേന്ദ്രസർക്കാർ. സ്വകാര്യ മേഖലയുടെ പങ്കാളിത്തം, നൂതന സംവിധാനങ്ങൾ, തന്ത്രപരമായ പരിഷ്കാരങ്ങൾ, എന്നിവ പ്രതിരോധ സംവിധാനങ്ങളുടെ തദ്ദേശീയ ഉൽപ്പാദനത്തെ ഉത്തേജിപ്പിച്ചതായും സ്വയംപര്യാപ്തവും വിശ്വസനീയവുമായ പ്രതിരോധ കയറ്റുമതി രാജ്യമായി ഇന്ത്യ മാറിയതായും പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി. ദേശീയ സുരക്ഷയും സാമ്പത്തിക വളർച്ചയും ഉറപ്പാക്കാനും രാജ്യത്തിന് സാധിച്ചതായും മന്ത്രാലയം പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪

## CJI SANJIV KHANNA

സുപ്രിംകോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന വിരമിച്ചു. 2024 നവംബർ 10-ന് ചുമതലയേറ്റ അദ്ദേഹം ആറ് മാസത്തെ സേവനത്തിന് ശേഷമാണ് വിരമിക്കുന്നത്. സുപ്രീം കോടതിയിലെ മുതിർന്ന ജഡ്ജി, ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായിയെ തന്റെ പിൻഗാമിയായി ജസ്റ്റിസ് ഖന്ന ഔദ്യോഗികമായി ശുപാർശ ചെയ്തു.

✪✪✪✪✪✪✪✪✪✪✪✪✪✪

## CBSE-RESULTS

സിബിഎസ്ഇ 10,12 ക്ലാസുകളിലെ പരീക്ഷാഫലം പ്രഖ്യാപിച്ചു. പന്ത്രണ്ടാം ക്ലാസ്സിൽ 88.39 ആണ് വിജയ ശതമാനം. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾ 100 ശതമാനം വിജയം കരസ്ഥമാക്കി. പത്താം ക്ലാസിൽ

93.66 ആണ് വിജയ ശതമാനം. രണ്ടു പരീക്ഷകളിലും പെൺകുട്ടികളാണ് കൂടുതൽ മികച്ച പ്രകടനം കാഴ്ചവച്ചത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## PM-CBSE RESULT

സിബിഎസ്ഇ 10,12, ക്ലാസ് പരീക്ഷകളിൽ വിജയിച്ച വിദ്യാർത്ഥികളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദൃഢനിശ്ചയത്തിൻറെയും, കഠിനാധ്വാനത്തിൻറെയും പ്രതിഫലനമാണ് പരീക്ഷാ ഫലമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അതേസമയം പ്രതീക്ഷിച്ച വിജയം നേടാൻ സാധിക്കാത്തവർ നിരാശരാകരുതെന്നും ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകണമെന്നും പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## EVE PUNJAB-LIQUOR DEATH

പഞ്ചാബിലെ വ്യാജ മദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 21 ആയി. നിരവധി പേർ ചികിത്സയിലാണ്. മരിച്ചവരുടെ കുടുംബാംഗങ്ങളെ സന്ദർശിച്ച മുഖ്യമന്ത്രി ഭഗവന്ത് സിംഗ് മാൻ ഉത്തരവാദികളായവരെ വെറുതെ വിടില്ലെന്ന് ഉറപ്പു നൽകി. മരിച്ചവരുടെ അടുത്ത ബന്ധുവിന് 10 ലക്ഷം രൂപ വീതവും ഒരു കുടുംബാംഗത്തിന് ജോലിയും പ്രഖ്യാപിച്ചിട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡

## WILD LIFE ATTACK - KERALA

കേരളത്തിൽ, മനുഷ്യ - വന്യജീവി സംഘർഷം സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച് ഉത്തരവിറക്കി. ഇതിൻറെ ഭാഗമായി, പുതുക്കിയ ദുരിതാശ്വാസ മാനദണ്ഡവും വിവിധ വകുപ്പുകളുടെ ചുമതലയും സംബന്ധിച്ച ഉത്തരവ് സർക്കാർ പുറത്തിറക്കി. വന്യജീവി ആക്രമണം മൂലമുള്ള മരണം വനത്തിന് അകത്തു വച്ചാണോ പുറത്തു വച്ചാണോ എന്ന് കണക്കിലെടുക്കാതെ ധനസഹായം അനുവദിക്കാൻ തീരുമാനമായി.

✡✡✡✡✡✡✡✡✡✡✡✡✡✡

## NANTHANCODE - CASE VERDICT

തിരുവനന്തപുരം നന്ദൻകോട് കൂട്ടക്കൊല കേസിൽ പ്രതി കേഡൽ ജിൻസൺ രാജയ്ക്ക് ജീവപര്യന്തം തടവ്. 15 ലക്ഷംരൂപ പിഴയും പ്രതി നൽകണമെന്ന് തിരുവനന്തപുരം സെഷൻസ് കോടതി വിധിച്ചു. 2017 ഏപ്രിലിലാണ് മാതാപിതാക്കളും സഹോദരിയുമടക്കം കുടുംബാംഗങ്ങളായ നാലുപേരെ കേഡൽ കൂട്ടക്കൊലചെയ്തത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## KHELO INDIA

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ റിഥമിക് ജിംനാസ്റ്റിക്സ് ഹൂപ്പ് ഫൈനലിൽ, മഹാരാഷ്ട്രയുടെ പരിന സ്വർണ്ണ മെഡൽ നേടി. ബോൾ ജിംനാസ്റ്റിക്സ് ഫൈനലിൽ, മഹാരാഷ്ട്രയുടെ കിമായ കാർലെ സ്വർണ്ണവും സ്വന്തമാക്കി. ഇന്ന് നടന്ന ആൺകുട്ടികളുടെ 30 കിലോമീറ്റർ സൈക്ലിംഗിൽ രാജസ്ഥാൻ മൂന്ന് മെഡലുകളും നേടി. മെഡൽ പട്ടികയിൽ നിലവിൽ 37 സ്വർണ്ണവുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്തും, 19 സ്വർണവുമായി രാജസ്ഥാൻ രണ്ടാം സ്ഥാനത്തും 14 സ്വർണ്ണവുമായി കർണാടക മൂന്നാം സ്ഥാനത്തുമാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡

## IPL

ഇന്ത്യ- പാകിസ്ഥാൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ ഈ മാസം 17 മുതൽ പുനരാരംഭിക്കുമെന്ന് ബിസിസിഐ അറിയിച്ചു. 17ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും.

✡✡✡✡✡✡✡✡✡✡✡✡✡✡

## IMD-WEATHER

രാജ്യത്ത് വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ, കേരളം, മാഹി, നിക്കോബാർ ദ്വീപുകൾ തുടങ്ങിയ ഇടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് കനത്ത മഴ ലഭിക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കൊങ്കൺ, ഗോവ എന്നിവിടങ്ങളിൽ നാളെ വരെ ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪

## RAIN KERALA

കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪

## DETAILED STOCKS + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,282 പോയിൻറ് നഷ്ടത്തിൽ 81,148 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 346 പോയിൻറ് ഇടിഞ്ഞ് 24,578 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കൂടി. പവന് 70,840 രൂപയും ഗ്രാമിന് 8,855 രൂപയുമാണ് ഇന്നത്തെ വില.

✪✪✪✪✪✪✪✪✪✪✪✪✪✪

## SAUDI ARABIA-US PRESIDENT

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇന്ന് സൗദി അറേബ്യയിലെത്തി. റിയാദിൽ സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ അദ്ദേഹത്തെ സ്വീകരിച്ചു. റിയാദിൽ സൗദി-യുഎസ് നിക്ഷേപ ഫോറത്തെ അഭിസംബോധന ചെയ്യുന്ന ട്രംപ്, അമേരിക്കയിലെ സൗദിയുടെ നിക്ഷേപ സാധ്യതകൾ വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ഉന്നതതല യോഗങ്ങളിൽ പങ്കെടുക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪
✪✪✪✪✪✪✪✪✪✪✪✪✪✪
✪✪✪✪✪✪✪✪✪✪
✪✪✪✪✪